# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 323 — 23.06.2014-ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ**<br>**പ്രൊഫ. സി.രവീന്ദ്രനാഥ്**<br>**ശ്രീ. എം. ഹംസ**<br>**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സിവിൽ സർവ്വീസ് രംഗത്ത് സ്വീകരിക്കാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 05.05.2014-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ. 107/14/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു സിവിൽ സർവ്വീസ് ബോർഡ് സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കുവേണ്ടി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാന സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണത്തിന്റെ |

സാധ്യതാപഠനത്തിനായി ഒരു കമ്മിറ്റി 24.09.2013-ലെ സ.ഉ.(സാധാ.) നമ്പർ. 7725/13/പൊ.ഭ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഭരണ സംവിധാനത്തിലും പ്രവർത്തന രീതിയിലും വന്നു ചേർന്നിട്ടുള്ള ദൗർബല്യങ്ങളും വീഴ്ചകളും എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ ; ഇതിനിടയായ കാരണങ്ങളെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഭരണ സംവിധാനത്തിലും പ്രവർത്തന രീതിയിലും ദൗർബല്യങ്ങളും വീഴ്ചകളും വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സിവിൽ സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ നിർദ്ദേശം എന്തായിരുന്നു ; ഇവ അംഗീകരിച്ചിട്ടുണ്ടോ ; ഇതിന് മുൻപായി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായോ ; വിശദമാക്കാമോ ?

(സി) സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച് നിയോഗിക്കപ്പെട്ട കമ്മറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. അതിൽ സർക്കാർ തീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ